# 19

## ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ കേരളത്തിന്റെ നടപടി ഉത്തരവ്

ഹാജർ : കെ.പി.ഔസേപ്പ് ഐ.എഫ്.എസ്.

വിഷയം : ആനകളെ വാഹനത്തിൽ ഒരു ജില്ലയിൽനിന്നും മറ്റു ജില്ലകളിലേക്ക് കൊണ്ടുപോയി തിരിച്ചുകൊണ്ടുവരുന്നതിന് അനുവാദം നല്കുന്നത് - ജില്ലാതലത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നത് - സംബന്ധിച്ച്

പരാമർശം : സർക്കാർ കത്ത് നമ്പർ 18018/എഫ്2/2008/വനം തീയതി 23.01.2009

### ഉത്തരവ് നം. ഡബ്ല്യു.എൽ(1)8081/2008 തീയതി 28/03/2009

നാട്ടാന പരിപാലന ചട്ടങ്ങൾ നടപ്പാക്കുന്നത് സുഗമമാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. വനം ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 5.12.2008-ൽ വനം വകുപ്പ് ആസ്ഥാനത്ത് ചേർന്ന യോഗത്തിൽ ആനകളെ വാഹനത്തിൽ ഒരു ജില്ലയിൽനിന്നും മറ്റു ജില്ലകളിലേക്ക് കൊണ്ടുപോയി തിരിച്ച് കൊണ്ടുവരുന്നതിന് അനുവാദം നല്കുന്നതിന് ആനകളെ രജിസ്റ്റർ ചെയ്തിട്ടുള്ള ജില്ലയിലുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരെ ചുമതലപ്പെടുത്തുവാൻ യോഗത്തിൽ പങ്കെടുത്ത ആന ഉടമസ്ഥർ, ആന ക്ഷേമതൽപ്പരർ, ആന പാപ്പാൻമാർ, ദേവസ്വം ബോർഡ് പ്രതിനിധികൾ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ അംഗീകാരത്തോടെ തീരുമാനിച്ചിരിക്കുന്നു.

മേൽ തീരുമാനം നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ അവർക്കു നേരെ കൊടുത്തിട്ടുള്ള ജില്ലകളിൽ നിന്നും ആനകളെ മറ്റു ജില്ലകളിലേക്ക് കൊണ്ടുപോയി തിരിച്ചുകൊണ്ടുവരുന്നതിനുള്ള അനുവാദം നല്കുവാൻ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

1. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തിരുവനന്തപുരം - തിരുവനന്തപുരം ജില്ല
2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പുനലൂർ - കൊല്ലം ജില്ല
3. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), ആലപ്പുഴ - ആലപ്പുഴ ജില്ല
4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോട്ടയം - കോട്ടയം ജില്ല
5. വൈൽഡ്‌ലൈഫ് വാർഡൻ, ഇടുക്കി - ഇടുക്കി ജില്ല

| | | | |
|---|---|---|---|
| 6. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോന്നി | - | പത്തനംതിട്ട ജില്ല |
| 7. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മലയാറ്റൂർ | - | എറണാകുളം ജില്ല |
| 8. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തൃശൂർ | - | തൃശൂർ ജില്ല |
| 9. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പാലക്കാട് | - | പാലക്കാട് ജില്ല |
| 10. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോഴിക്കോട് | - | കോഴിക്കോട് ജില്ല |
| 11. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിലമ്പൂർ നോർത്ത് | - | മലപ്പുറം ജില്ല |
| 12. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സൗത്ത് വയനാട് | - | വയനാട് ജില്ല |
| 13. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കണ്ണൂർ | - | കണ്ണൂർ ജില്ല |
| 14. | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കാസർഗോഡ് | - | കാസർഗോഡ് ജില്ല |

ഓരോ ജില്ലയിലും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ നിർദ്ദിഷ്ട ഫോറത്തിൽ സമർപ്പിക്കുന്ന ആനയുടെ രണ്ടാഴ്ചത്തെ യാത്രാപരിപാടികൾ ഉൾപ്പെടുത്തിയ അപേക്ഷയിൻമേൽ 3 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതും ആനയ്ക്ക് മതിയായ വിശ്രമം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാകുന്നു.

ചീഫ് വൈൽഡ്ലൈഫ് വാർഡൻ

*പകർപ്പ് എല്ലാ കൺസർവേറ്റർമാർക്കും*
*എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും*
*എല്ലാ വൈൽഡ്ലൈഫ് വാർഡൻമാർക്കും*
*അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി)*
*ആലപ്പുഴ, കാസർഗോഡ്*